(ബി) അവയിൽ പശ്ചിമഘട്ടത്തിലെ നദികളിൽ മാത്രം കാണപ്പെടുന്നവയെത്ര;

(സി) പശ്ചിമഘട്ടത്തിലെ കേരള ഭാഗത്തു മാത്രം കാണപ്പെടുന്നവയെത്ര;

(ഡി) കുന്തിപ്പുഴയിൽ മാത്രം കാണപ്പെടുന്നവയെത്ര;

(ഇ) ഈ മത്സ്യവിഭാഗങ്ങളിൽ വംശനാശം നേരിട്ടുകൊണ്ടിരിക്കുന്ന ഇനത്തിൽപ്പെട്ടവയെത്ര;

(എഫ്) കുന്തിപ്പുഴയിൽ അണക്കെട്ടു നിർമ്മിക്കുന്നതോടുകൂടി എത്രയിനം മത്സ്യങ്ങൾ നാമാവശേഷമാകും?

ഉത്തരം

(എ) പ്രധാനപ്പെട്ട 24 നാടൻ ഇനങ്ങളും അപൂർവ ഇനത്തിൽപ്പെട്ട 12 ഇനം മത്സ്യങ്ങളും കാണപ്പെടുന്നു.

(ബി ആന്റ് സി) പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ഡി) 2 ഇനം മത്സ്യങ്ങൾ.

(ഇ) വിശദമായ പഠനം നടത്തിയശേഷമേ തിട്ടപ്പെടുത്താൻ കഴിയുകയുള്ളു.

(എഫ്) ഇതു സംബന്ധിച്ച് പ്രത്യേക പഠനം നടത്തിയിട്ടില്ല.

ഫിഷറീസ് ഹൈവേ സ്ഥാപിക്കാൻ നടപടി

80 [1883] ശ്രീ. വി. കെ. സി. മമ്മത്കോയ:
,, മഞ്ഞളാംകുഴി അലി:
,, കെ. രാധാകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളെയും ഫിഷ് ലാന്റിംഗ് സെന്ററുകളെയും ബന്ധിപ്പിച്ചുകൊണ്ട് ഫിഷറീസ് ഹൈവേ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിലേയ്ക്കായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്പോൾ ഏത് ഏജൻസിയാണ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി തുക ഏതെല്ലാം നിലയിലാണ് കണക്കാക്കിയിട്ടുള്ളതെന്നും ഇതിനകം എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ഡി) ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാമെന്നായിരുന്നു പ്രഖ്യാപിച്ചിരുന്നത്?

ഉത്തരം

(എ) ഇല്ല.

(ബി—ഡി) ചോദ്യം ഉദിക്കുന്നില്ല.

ചെമ്മീൻ കയറ്റുമതി വരുമാനം

81 [1884] ശ്രീ. പി. കെ. അബ്ദുറബ്ബ്:
" വി. കെ. ഇബ്രാഹിംകുഞ്ഞ്:
" സി. മോയിൻകുട്ടി:
" കളത്തിൽ അബ്ദുള്ള:
" ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്നും 2002-2003 വർഷത്തിൽ ചെമ്മീൻ കയറ്റുമതി ഇനത്തിൽ എന്തു തുക ലഭിച്ചിട്ടുണ്ട്;

(ബി) ചെമ്മീൻ കയറ്റുമതി വർദ്ധിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് എടുത്ത നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) 543 കോടി.

(ബി) കേന്ദ്ര ഭക്ഷ്യസംസ്കരണ മന്ത്രാലയം, കേന്ദ്ര വ്യവസായ വാണിജ്യ മന്ത്രാലയം, എം.പി.ഇ.ഡി.എ., കിൻഫ്ര എന്നിവയുമായി സഹകരിച്ച് മത്സ്യസംസ്കരണ ശാലകൾ സ്ഥാപിച്ചും നവീകരിച്ചും അടിസ്ഥാന സൗകര്യം, ഗുണമേന്മ എന്നിവ വർദ്ധിപ്പിച്ചും കയറ്റുമതി വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly